**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4676** **13-03-2023 - ൽ മറുപടിയ്ക്ക്**

**വിദ്യാവനം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അനൂപ് ജേക്കബ് | | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ വിദ്യാവനം പദ്ധതിയുടെ പ്രവർത്തന പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | വിദ്യാലയങ്ങളിൽ വളരെ ചുരുങ്ങിയ സ്ഥലത്ത് സ്വാഭാവികവനങ്ങളുടെ സാദൃശ്യമുള്ള ചെറുവനങ്ങൾ, അതിസാന്ദ്രതയിൽ നട്ടുവളർത്തിയെടുക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്ത് നാളിതുവരെ 117 വിദ്യാവനങ്ങൾ സ്ഥാപിച്ചിട്ടുണ്ട്. നട്ടുപിടിപ്പിച്ച തൈകളുടെ വളർച്ചയും, അതിജീവനവും പ്രാരംഭകാലം മുതൽതന്നെ പരിശോധിച്ചിട്ടുള്ളതും നല്ലരീതിയിൽ വളരുന്നുണ്ടെന്ന് ഉറപ്പുവരുത്തിയിട്ടുള്ളതുമാണ്. |
| (ബി) | ഈ സർക്കാരിന്റെ കാലയളവിൽ ഇതിനായി ബഡ്ജറ്റിൽ വകയിരുത്തിയ തുക എത്രയെന്നും ചെലവഴിച്ച തുക എത്രയെന്നും അറിയിക്കാമോ; | (ബി) | വിദ്യാവനം പദ്ധതിയ്ക്കുമാത്രമായി ബഡ്ജറ്റിൽ തുകയൊന്നും വകയിരുത്തിയിട്ടില്ല. സാമൂഹ്യവനവൽക്കരണ പദ്ധതികളുടെ പ്രവർത്തനങ്ങൾക്കായി വനംവകുപ്പിന്റെ സോഷ്യൽ ഫോറസ്ട്രി പ്ലാൻ ബഡ്ജറ്റ് ശീർഷകമായ 2406-01-800-55-01-Extension Forestry എന്ന ശീർഷകത്തിൽ അനുവദിക്കുന്ന തുകയിൽ നിന്നുമാണ് ഇതിനുള്ള തുക വിനിയോഗിക്കുന്നത്. നാളിതുവരെ വിദ്യാവനം പദ്ധതിക്കായി 77.93 ലക്ഷംരൂപ (എഴുപത്തി ഏഴായിരത്തി തൊണ്ണൂറ്റി മൂവായിരം രൂപ ) ചെലവായിട്ടുണ്ട്. |
| (സി) | പിറവം നിയോജക മണ്ഡലത്തിലെ ഏതെല്ലാം സ്കൂളുകളിലാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കിയിട്ടുള്ളതെന്ന് അറിയിക്കാമോ; | (സി) | പിറവം നിയോജക മണ്ഡലത്തിൽ സെൻറ് ജോൺസ് സിറിയൻ എച്ച്.എസ്.എസ്.വടകര,കൂത്താട്ടുകുളം, എം.കെ.എം.എച്ച്.എസ്.എസ്. പിറവം എന്നീ സ്കൂളുകളിലാണ് വിദ്യാവനം പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്. |
| (ഡി) | പ്രസ്തുത പദ്ധതിയിലൂടെ വിതരണം ചെയ്ത വൃക്ഷത്തൈകളുടെ തുടർ പരിപാലനത്തിനായി എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ? | (ഡി) | പ്രസ്തുത പദ്ധതിയിലൂടെ നട്ടുപിടിപ്പിച്ച വൃക്ഷത്തൈകൾ അദ്ധ്യാപകരുടെ മേൽനോട്ടത്തിൽ അതാത് വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ ഫോറസ്ട്രി ക്ലബ് അംഗങ്ങളും,വിദ്യാർത്ഥികളുമാണ് പരിപാലിക്കുന്നത്. വനംവകുപ്പ് ഉദ്യോഗസ്ഥർ കൃത്യമായ ഇടവേളകളിൽ |

| | | | |
|---|---|---|---|
| | | | വിലയിരുത്തുകയും ആവശ്യമായ സാങ്കേതിക ഉപദേശങ്ങൾ നൽകിവരുകയും ചെയ്യുന്നു. |

സെക്ഷൻ ഓഫീസർ